മടവുപ്പുറ ചിറ

*ഫ ൦ ർ ൪. (൮൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ പള്ളിച്ചൽ പകുതിയിൽ മടവുപ്പുറ ചിറ നന്നാക്കാൻ സാങ്ഷൻ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) ആ ജോലിക്ക കാൺട്രാക്ട് കൊടുത്തിട്ടുണ്ടോ;

(ഡി) കൊടുത്തിട്ടുണ്ടെങ്കിൽ ആ ജോലി പൂത്തിയായിട്ടുണ്ടോ;

(ഇ) അതിലേക്ക അനുവദിച്ച തുക എത്ര;

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ചിറ നന്നാക്കാൻ വേണ്ട എസ്റ്റിമേറ്റ അനുവദിച്ചിട്ടുണ്ട്.

(ബി) ഫൻ ൮ ൦-ൽ (ഫ ഫ ഫ൯-ൽ)

(സി) കാണ്ട്രാക്ട് കൊടുത്തിരുന്നു.

(ഡി) ജോലി പൂത്തിയായിട്ടുണ്ട്.

(ഇ) ഫ ൫ ൮ ൦ രൂപ.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : ജോലി എന്നാണ് പൂത്തിയായത് എന്നു പറയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള : പൂത്തിയാക്കിയിട്ടുണ്ട്. എന്നാണ് പൂത്തിയാക്കിയതെന്ന് നിശ്ചയമില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : ഈ ചോദ്യം കിട്ടിയതിനുശേഷം ആ ജോലി പൂത്തിയായിട്ടുണ്ടോ എന്നന്വേഷിച്ചോ?

ശ്രീ. ടി. കെ. നാരായണപിള്ള : ജോലി പൂത്തിയായിട്ടുണ്ടെന്നു് ഓവർസീയറിന്റെ റിപ്പോർട്ട കിട്ടിയിട്ടുണ്ട്. എന്നാണ് പൂത്തിയായതെന്നു് ഇപ്പോൾ നിശ്ചയമില്ല.

മണ്ണാഞ്ചിറക്കളം

*ഫ ൦ ൮൭. (൮൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ അതിയന്നൂർ പകുതിയിൽ മണ്ണാഞ്ചിറക്കളം നന്നാക്കുന്നതിനു അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) അതിലേക്ക കൈവശക്കാരെ വിട്ട ശ്രമിപ്പിച്ച് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ;

(ഇ) ടി കളം നന്നാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഫെ—വ്—ഫൻ ൫ ൦ൽ

(സി) ഉണ്ട്.

(ഡി) ഫൻ ൫ ൦ .

LIBRARY ARCHIVES Kerala Legislative Assembly